(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) എല്ലാ തസ്തികകളിലും സമയബന്ധിതമായി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്ത കാരണത്താൽ ജീനക്കാരുടെ അഭാവം ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുക എന്നതും അതുവഴി പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ കാലവിളംബം കൂടാതെ ലഭ്യമാക്കുക എന്നതുമാണ് ലക്ഷ്യം. ഡോക്ടർമാർ, എൽ.ഡി.സി, എൽ.ജി.എസ്., അസിസ്റ്റന്റ് (സെക്രട്ടേറിയറ്റ്/പി.എസ്.സി), പോലീസ് വകുപ്പിലെ വിവിധ തസ്തികകൾ എന്നിവയുടെ റാങ്ക് പട്ടികകൾ സമയബന്ധിതമായി പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. യൂണിഫോംഡ് ഫോഴ്സിലെ വിവിധ തസ്തികകൾക്ക് വാർഷിക നിയമനം സാധ്യമായിട്ടുണ്ട്.

(ബി) ഒരു തസ്തികയുടെ റാങ്ക് പട്ടികാ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനായി തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ വേഗത വർദ്ധിപ്പിക്കുവാൻ പി.എസ്.സി. നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി One time Registration, one time Verification എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പരീക്ഷാ നടത്തിപ്പിന്റെ വേഗത, കാര്യക്ഷമത, കൃത്യത എന്നിവ വർദ്ധിപ്പിക്കുന്നതിനായി online പരീക്ഷ ആരംഭിച്ചു. ഇതിലേയ്ക്കായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ജില്ലകളിലായി online പരീക്ഷാ കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നു. കോഴിക്കോട് ജില്ലയിലെ online പരീക്ഷാ കേന്ദ്ര നിർമ്മാണം പുരോഗമിക്കുകയാണ്.

എൽ.ഡി.സി. നിയമനം

40 (1776) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എൽ.ഡി.സി. റാങ്ക് പട്ടികയിൽ നിന്ന് ഇതുവരെ എത്ര പേർക്കാണ് നിയമനം നൽകിയിരിക്കുന്നത്;

(ബി) പ്രസ്തുത പട്ടികയിൽ നിന്നും കാര്യമായി നിയമനങ്ങൾ നടന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവിധ വകുപ്പ് തലവന്മാർ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) ജില്ലയിൽ വിവിധ വകുപ്പുകളിലായി നിലവിൽ എത്ര എൽ.ഡി.സി. ഒഴിവുകളാണുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 130 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലവിലുള്ളതും 2016-ലെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി. യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ജില്ലയിൽ വിവധ വകുപ്പുകളിലായി 27 ഒഴിവുകൾ നിയമന ശിപാർശ ചെയ്യാനായി അവശേഷിക്കുന്നുണ്ട്. അവയുടെ നിയമന ശിപാർശ നടപടികൾ പി.എസ്.സി.-യിൽ പുരോഗമിക്കുന്നു.

നിയമനം നടക്കാത്ത പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

41 (1777) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളിൽ ആർക്കും നിയമനം നൽകാത്ത റാങ്ക് ലിസ്റ്റുകൾ ഉണ്ടോ; എങ്കിൽ റാങ്ക് ലിസ്റ്റിന്റെ പേര്, വകുപ്പ്, ലിസ്റ്റ് നിലവിൽ വന്ന തീയതി, റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽപ്പെട്ട തസ്തികയ്ക്ക് എത്ര ഒഴിവുകളാണ് ബന്ധപ്പെട്ട വകുപ്പ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നത്; റാങ്ക് ലിസ്റ്റ് തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly